പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## തൊഴിലുറപ്പ് പദ്ധതി

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T3285**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.വിൻസെന്റ്** | | **ശ്രീ.എ.സി.മൊയ്തീൻ** (തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ തൊഴിലാളികളുടെ നിലവിലുള്ള കൂലി എത്ര രൂപയാണ്; അറിയിക്കുമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കേരളത്തിൽ ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന കൂലി നിരക്ക് പ്രതിദിനം 271/- രൂപയാണ്. |
| (ബി) | പ്രസ്തുത തൊഴിലാളികളുടെ കൂലി ഏപ്രിൽ ഒന്ന് മുതൽ പല സംസ്ഥാനങ്ങളിലും പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ കേരളത്തിൽ ആയത് പുതുക്കി നിശ്ചയിക്കാത്തത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ; | (ബി) & (സി) | ഏപ്രിൽ 1 മുതൽ കേന്ദ്രസർക്കാർ സംസ്ഥാനങ്ങളിലെ തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിച്ചിരുന്നുവെങ്കിലും കേരളത്തിലെ തൊഴിലാളികളുടെ കൂലിയിൽ വർദ്ധനവുണ്ടായിട്ടില്ല. നിശ്ചിത മാനദണ്ഡങ്ങൾക്കനുസൃതമായി കേന്ദ്ര സർക്കാരാണ് കാലാകാലങ്ങളിൽ കൂലി പുതുക്കി നിശ്ചയിക്കുന്നത്. കേരളത്തിലെ തൊഴിലാളികളുടെ കൂലി ഈ വർഷം വർദ്ധിപ്പിക്കാത്തതിന്റെ കാരണം കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടില്ല. കൂലി വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്നതാണ്. |
| (സി) | കൂലി പുതുക്കി നിശ്ചയിച്ച് ഏപ്രിൽ ഒന്നുമുതൽ മുൻകാല പ്രാബല്യത്തോടുകൂടി കുടിശ്ശിക ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ എന്ന് അറിയിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**